# കണ്ണന്റെ അമ്മ

കണ്ടോ കണ്ണനെ നിങ്ങളാരാൻ? അമ്മ
കമ്പു കരത്തിലെടുക്കുന്നൂ
'കണ്ടില്ലാ ഞങ്ങൾ' കാലിക്കിടാവുക-
ളെന്തോ മണ്ടിയൊളിക്കുന്നൂ
'ഇന്നേ നാളിൽ ഞാൻ കണ്ടില്ലാ.' മിഴി
ചിമ്മും തത്തമ്മ കൊഞ്ചുന്നൂ
കണ്ടോ കണ്ണനെ? കണ്ണും ചുവന്നമ്മ
കമ്പുംകൊണ്ടതാ പോകുന്നു
പാഴിലടുക്കളമൂലയ്ക്കൽ പുതു
പാലുമറിഞ്ഞു പരക്കുന്നൂ!
മേലിലുറിയിലെ തൂവെണ്ണക്കല-
മേഴായ്പൊട്ടിക്കിടക്കുന്നൂ!
ഭരണിയിൽ നെയ്യപ്പമല്ലാ ചാണക
വരളികളഞ്ചാറു കാണുന്നൂ!
കെട്ടിയിരുന്ന കിടാവോ മുറ്റത്തു
കുത്തിമറിഞ്ഞു കൂത്താടുന്നൂ!
അയലത്തെയക്കൊച്ചു രാധിക കണ്ണീരു-
മൊഴുക്കി വന്നിങ്ങനെ ചൊല്ലുന്നൂ
"അമ്മേ, ഞങ്ങൾക്കു വയ്യല്ലോ! നിന്റെ
കണ്ണനെന്തൊരു ദുശ്ശീലം!"...
"എവിടെയക്കള്ളൻ?" വിറച്ചുംകൊണ്ടമ്മ
പുരവീഥിതോറും തിരക്കുന്നു

'അറിയില്ല ഞങ്ങളെ'ന്നാമ്പാടിപ്പിള്ളേർ
ചിരിയടക്കിക്കൊണ്ടു മാറുന്നൂ
'അറിയില്ല കണ്ണനെങ്ങാമോ?' കാലികൾ
കുടമണിയാട്ടി നടക്കുന്നൂ.